# കേരള ഹൈക്കോടതി അഡ്വക്കേറ്റ്സ് അസോസിയേഷൻ

## പ്രവർത്തന റിപ്പോർട്ട് 2021

പ്രിയപ്പെട്ട മെമ്പർമാരെ,

01.01.2021 മുതലുള്ള അസോസിയേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടാണ് ഈ വാർഷിക പൊതുയോഗത്തിൽ അവതരിപ്പിക്കുന്നത്. 2020ലെ ലോക്ഡൗണിനുശേഷം ഏറെ ബുദ്ധിമുട്ടിയാണ് കോടതികൾ പ്രവർത്തിച്ചുവരുന്നത്. എന്നാൽ 01.01.2021ൽ ഈ ഭരണസമിതി ചാർജ്ജ് എടുത്തശേഷം ഏറെ വെല്ലുവിളികൾ ആണ് നേരിടേണ്ടി വന്നത്. കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗം വരുന്നതിന്റെ ഭീതി യിൽ ആണ് കോടതികൾ പ്രവർത്തനം ആരംഭിച്ചത്. ഈ വർഷം നമുക്ക് 29ഓളം മെമ്പർ മാരെ നഷ്ടമായി. (ടോമി തോമസ്, ജെ.ജോസ്, അംജദ് അലി, ജയിംസ് എൻ.എഫ്, ജോസഫ് യേശുദാസ്, ഷെറിൻ സി.ജോസഫ്, ഖാലിദ് സി ഖാദർ, എബ്രഹാം ലാൽ, ഈപ്പൻ എബ്രഹാം ജോർജ്ജ്, ആന്റണി സി.വൈ, ചന്ദ്രസേനൻ, നീലകണ്ഠൻ നമ്പൂതിരി എൻ, ബിബിൻ കെ. ദിവാകരൻ, (ഡോ.) നാരായണൻ നായർ എൻ, പ്രതാപൻ എം.എൻ, സന്തോഷ് ജോസ് പി.വി. പവിത്രൻ കെ.ജി, ജയകുമാർ കെ.(രവിപുരം), ഹരിദാസ് ഇ, വേണു വലിയപ്പറമ്പിൽ, അർച്ചന എസ് കുമാർ, ജോർജ്ജ് മേച്ചേരി, ബാലകൃഷ്ണൻ.പി, രാജീവ് ഷേണായി എൻ.വി, വിജയബാബു ബി.ആർ, പങ്കജാക്ഷൻ എൻ.എൻ, സെബാ സ്റ്റ്യൻ പി.എം., സാഗർ പി.ജെ, പോൾ ജേക്കബ്) ഇവരുടെ അകാലവിയോഗത്തിൽ കമ്മിറ്റി അനുശോദനം രേഖപ്പെടുത്തുന്നു. വർഷാരംഭം മുതൽ തന്നെ കണ്ടെയെൻമെന്റ് സോണു കളായും യാത്രനിയന്ത്രണങ്ങളായും കോവിഡ്-19 നിയന്ത്രണങ്ങൾ സർക്കാർ പ്രഖ്യാ പിച്ചു കഴിഞ്ഞിരുന്നു. എങ്കിലും കോടതികളുടെ പ്രവർത്തനം ഒരിക്കൽപോലും നിർത്തി വെയ്ക്കേണ്ടി വന്നില്ലെന്നുള്ളത് കേരളത്തിലെ നീതിന്യായരംഗത്തിന് പ്രത്യേകിച്ച് കേരള ഹൈക്കോടതിക്ക് തന്നെ അഭിമാനകരമായ കാര്യമാണ്. ഈ കമ്മിറ്റി ചുമതലയെടുത്തതി

നുശേഷം അഭിഭാഷകരും ഗുമസ്തൻമാരും നേരിടുന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും മനസ്സിലാക്കുന്നതിനായി അഭിഭാഷക സംഘടനകൾ, സീനിയർ അഡ്വക്കേറ്റ്സ് അസോസിയേഷൻ, നമ്മുടെ അസോസിയേഷൻ മുൻഭാരവാഹികൾ, അഡ്വക്കേറ്റ്സ് ക്ലർക്ക്സ് അസോസിയേഷൻ, വനിതാ അഭിഭാഷകർ എന്നിവരുമായി പ്രത്യേകം പ്രത്യേകം ചർച്ചകൾ നടത്തി. ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ട നിർദ്ദേശങ്ങൾ ക്രോഡീകരിച്ചു ഹൈക്കോടതി ചീഫ് ജസ്റ്റീസ് മുമ്പാകെ നിവേദനം സമർപ്പിച്ചിരുന്നു. ഇത് പരിഗണിച്ച് ഏകദേശം 10 മാസത്തോളം അടഞ്ഞ് കിടന്ന ഹൈക്കോടതിയുടെ കവാടങ്ങൾ പൂർണ്ണമായും തുറക്കുകയും ഗ്രൗണ്ട് ഫ്ളോറിൽ നിന്നും ക്ലർക്കുമാരുടെ പ്രവേശന നിരോധനം നീക്കാൻ കഴിഞ്ഞത് കമ്മിറ്റിയുടെ നേട്ടമാണ്. അസോസിയേഷന്റെ ശക്തമായ ഇടപെടലിനെത്തുടർന്ന് ലോക്ഡൗൺ പ്രഖ്യാപിച്ചപ്പോഴും നിയന്ത്രണങ്ങൾ ഒഴിച്ചുള്ള യാതൊരു വിലക്കുകളും മുൻകാലങ്ങളിലെപ്പോലെ ഉണ്ടായിരുന്നില്ല. അസോസിയേഷന്റെ ചരിത്രത്തിൽ ആദ്യമായാണ് പ്രവർത്തനങ്ങളിൽ അഭിഭാഷകരംഗത്തെ വിവിധ അസോസിയേഷനുകളുമായും ചർച്ച ചെയ്യുകയും അഭിപ്രായങ്ങൾ രൂപപ്പെടുത്തുകയും ചെയ്തിട്ടുള്ളത്. ഈയവസരത്തിൽ വിവിധ അഭിഭാഷക സംഘടനകൾ, ക്ലർക്ക് അസോസിയേഷൻ, വനിതാ അഭിഭാഷക സംഘടനകൾ, സീനിയർ അഡ്വക്കേറ്റ്സ് അസോസിയേഷൻ എന്നിവരോടുള്ള അസോസിയേഷന്റെ നന്ദി രേഖപ്പെടുത്തുന്നു.

കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് കോടതികളുടെ പ്രവർത്തനം മുന്നോട്ടുപോകവേ ഏപ്രിൽ 10ന് കേരളഹൈക്കോടതി മധ്യവേനൽ അവധിക്കായി പിരിഞ്ഞു. അവധിക്കാല സിറ്റിങ്ങുകൾ പുരോഗമിക്കവേ കോവിഡ്-19 വ്യാപനം വർധിച്ചതോടെ കേരളത്തിൽ ലോക്ഡൗൺ പ്രഖ്യാപിക്കപ്പെട്ടു. അഭിഭാഷകർക്ക് കോടതിയിലേക്കും തിരിച്ചും യാത്രചെയ്യാൻ പോലും സാധ്യമല്ലാതായി. എന്നാൽ അവധിക്കാല സിറ്റിങ്ങുകൾ സൂം ആപ്പിലുടെയും ഗൂഗിൾ മീറ്റിലൂടെയും തുടർന്നു. അഭിഭാഷക സമൂഹം ഏറെ വെല്ലുവിളികൾ നേരിട്ട കാലമായിരുന്നു അത്. അഭിഭാഷകവൃത്തിയുടെ നിലനിൽപ്പിനെ തന്നെ ബാധിക്കുമെന്ന ആശങ്കയിലായിരുന്നു അഭിഷാകരെല്ലാം. എന്നിരുന്നാലും വെക്കേഷൻ

കാലയളവിൽ വിഡിയോ കോൺഫറൻസിലൂടെ അത്യാവശ്യം കേസുകൾ കേൾക്കുകയും ഹൈക്കോടതിയുടെ പ്രവർത്തനം തുടരുകയും ചെയ്തു. എന്നാൽ ട്രിപ്പിൾ ലോക്ഡൗൺ മൂലമുള്ള യാത്രാനിയന്ത്രണങ്ങൾ കർശനമാക്കിയതിനാൽ കോടതിയിൽ എത്തി പുതിയ കേസുകൾ ഫയൽ ചെയ്യാൻ അഭിഭാഷകർക്കും അവരുടെ ക്ലർക്കു മാർക്കും കഴിയാതെ വന്നു. ഇക്കാലയളവിൽ 2020ലെ ലോക്ഡൗൺ കാലത്ത് നടപ്പിലാക്കിയ ഇമെയിൽ ഫയലിങ്ങിലൂടെ കേസുകൾ ഫയൽ ചെയ്യാൻ അവസരം ഉണ്ടാക്കണമെന്ന് കേരള ഹൈക്കോടതി അഡ്വക്കേറ്റ് അസോസിയേഷൻ ചീഫ് ജസ്റ്റീസിനോട് ആവശ്യപ്പെട്ടു. എന്നാൽ 2020ൽ ഇമെയിലൂടെ കേസുകൾ ഫയൽ ചെയ്യുകയും ഉത്തരവുകൾ വാങ്ങുകയും ചെയ്ത 500ഓളം കേസുകളിൽ ഫിസിക്കൽ കോപ്പി നൽകിയില്ലെന്ന കാരണം പറഞ്ഞ് ഇമെയിൽ ഫയലിങ്ങിനുള്ള സാഹര്യം അഭിഭാഷകർക്ക് നിഷേധിക്കുകയാണ് ചെയ്തത്. 11.05.2021ൽ ചീഫ് ജസ്റ്റീസിസുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഈ വിവരങ്ങൾ മാത്രമാണ് ബാർ അസോസിയേഷൻ പ്രസിഡന്റുമായി ചീഫ് ജസ്റ്റീസ് പങ്കുവെച്ചത്. എന്നാൽ അഭിഭാഷക സമൂഹത്തെ ആകെ ഞെട്ടിച്ചുകൊണ്ട് 2021 ജനുവരി മാസം ഹൈക്കോടതി സർക്കാരിലേക്ക് അയച്ചതും 07.05.2021ൽ സർക്കാർ വിജ്ഞാപനം ചെയ്തതുമായ  ഇഫയിലിങ് റൂൾസ് ഫോർ കോർട്ട്സ് കേരള (2021) എന്ന ചട്ടങ്ങൾ 12.05.2021ൽ കൂടിയ ഫുൾ കോർട്ട് മിറ്റിങ്ങിൽ അംഗീകരിക്കുകയും 17.05.2021 തീയതി മുതൽ പ്രാബല്യത്തിൽ വരുമെന്ന് കാണിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഫിസിക്കൽ ഫയലിങ്ങിനു പുറമെ ഇമെയിൽ ഫയലിങ് മാത്രം ശീലിച്ചിട്ടുള്ള അഭിഭാഷകർക്ക് യാതൊരു മുന്നൊരുക്കങ്ങളും പരിശീലനവും ഇല്ലാതെ പുതിയൊരു ഫയലിങ് സമ്പ്രദായത്തിലേക്ക് മാറാൻ നിർബന്ധിതരായി. സാമ്പത്തിക സൗകര്യങ്ങളും അഭിഭാഷകവൃത്തിയിൽ പാരമ്പര്യവുമുള്ള ഉള്ള വളരെ ചെറിയ ശതമാനം ചെറുപ്പക്കാരായ അഭിഭാഷകർക്ക് മാത്രമേ ഈ സമ്പ്രദായത്തോട് യോജിക്കാനും പ്രാവർത്തികമാക്കാനും സാധിക്കുമായിരുന്നുള്ളൂ. 8000ത്തിലധികം മെമ്പർമാരുള്ള നമ്മുടെ അസോസിയേഷനിൽ ബഹുഭൂരിപക്ഷം വരുന്ന മറ്റ് അഭിഭാഷകർക്ക് തങ്ങളുടെ ഈ രംഗത്തെ നില

നിൽപ്പിനായുള്ള കഷ്ടപ്പാടുകളെ അസോസിയേഷന് ഈ സാഹചര്യത്തിൽ കാണാതിരിക്കാൻ സാധിക്കുമായിരുന്നില്ല. ഈ വിഷയം ചർച്ച ചെയ്യാൻ 15.05.2021ൽ ഒരു അടിയന്തിര ജനറൽ ബോഡി യോഗം വിളിക്കുകയും വിഷയം മെമ്പർമാരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. മഹാഭൂരിപക്ഷം അംഗങ്ങളും അഭിഭാഷകരോട് കൂടി ആലോചിക്കാതെ ഫിസിക്കൽ ഫയലിങ് പാടെ ഇല്ലാതാക്കി പ്രാബല്യത്തിൽ വരുത്താൻ ഉദ്ദേശിക്കുന്ന ഇഫയലിങ് സമ്പ്രദായത്തെ എതിർക്കുകയാണ് ഉണ്ടായത്. യോഗം 16.05.2021ൽ തുടരുകയും അസോസിയേഷൻ അംഗങ്ങൾ ഇഫയലിങ് നടത്തരുതെന്നും ഫിസിക്കൽ ഫയലിങ് പുനഃസ്ഥാപിക്കണമെന്ന് ഹൈക്കോടതിയോട് ആവശ്യപ്പെടാൻ അസോസിയേഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ അഭിഭാഷക സമൂഹത്തിന്റെ ഈ അവശ്യം അംഗീകരിക്കാൻ ഹൈക്കോടതി തയ്യാറായില്ല. വീണ്ടും ഈ വിവരങ്ങൾ മെമ്പർമാരോട് പങ്കുവെയ്ക്കാൻ 17.05.2021ൽ വീണ്ടും ജനറൽ ബോഡി യോഗം വിളിച്ചു. അഭിഭാഷകരോട് ആലോചിക്കാതെ കൊണ്ടുവന്ന ഇഫയലിങ് സമ്പ്രദായം അഭിഭാഷകർക്ക് അധികഭാരം ചുമത്തുന്നതാണ്. അതുകൊണ്ട് ഇഫയലിങ് ചെയ്യേണ്ടതില്ലെന്നും ഫിസിക്കൽ ഫയലിങ് രീതി തുടർന്നാൽ മതിയെന്നും 16.05.2021ൽ പൊതുയോഗത്തിലെ തീരുമാനം മുന്നോട്ട് നിലനിൽക്കട്ടെ എന്നും തീരുമാനിച്ച് ആ യോഗം പിരിയുകയാണ് ഉണ്ടായത്.

നാളിതുവരെ ഈ തീരുമാനം തുടരുകയാണ്. നമ്മുടെ അസോസിയേഷൻ ആവശ്യപ്പെട്ടതിനെതുടർന്ന് ലോക്ഡൗൺ സമയത്തുതന്നെ ഫിസിക്കൽ ഫയലിങ് പുനഃരാഭിക്കുകയും താത്കാലിക സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. അസോസിയേഷൻ ഭരണസമിതി പുതുതായി നിലവിൽ വന്ന റൂളിനെക്കുറിച്ച് പഠനം നടത്താൻ രണ്ട് കമ്മറ്റികളെ നിയോഗിച്ചു. മുൻ പ്രസിഡന്റ് എം.പി അശോക് കുമാർ ചെയർമാനായി ലീഗൽ കമ്മിറ്റിയും അഡ്വ.മുഹമ്മദ് അൽറാഫി (കൺവീനർ) അഡ്വ പി.ചന്ദ്രശേഖർ, അഡ്വ.ഡി. കിഷോർ, അഡ്വ.ജോളി ജോൺ, അഡ്വ.ടി.ബി.ഹൂദ്, അഡ്വ. ജോൺ മാണി (എക്സിക്യൂട്ടീവ് മെമ്പർ) കൺവീനർ ആയി ടെക്നിക്കൽ കമ്മിറ്റിയെയും (അഡ്വ. ജോൺ നമ്പേലി,

അഡ്വ. ആഷിക് കെ.മുഹമ്മദ് അലി, അഡ്വ.നിമോദ് എ.ആർ, അഡ്വ.ജോബ് ഏബ്രഹാം, അഡ്വ പി.ജി ജയശങ്കർ, അഡ്വ. ഗോഡ്‌വിൻ ജോസഫ്, അഡ്വ. റീനു എസ് അശ്വവൻ, എന്നിവരെ ചുമതലപ്പെടുത്തി. വിശദമായ പഠനത്തിനുശേഷം ഈ രണ്ട് കമ്മിറ്റികളും ചീഫ് ജസ്റ്റീസിനും മറ്റ് എല്ലാ ജഡ്ജിമാരുടെ മുമ്പാകെയും റിപ്പോർട്ടുകൾ സമർപ്പിച്ചിരുന്നു. തുടർന്ന് ചീഫ് ജസ്റ്റീസ്, ജസ്റ്റീസ് മുഹമ്മദ് മുസ്താഖ്, ജസ്റ്റീസ് സതീഷ് നൈനാൻ എന്നിവർ ഉൾപ്പെടുന്ന ഒരു സബ് കമ്മിറ്റിയെ ബാർ അസോസിയേഷനുമായി വിഷയം ചർച്ച ചെയ്യാൻ ചീഫ് ജസ്റ്റീസ് നിയോഗിച്ചു. നാല് പ്രാവശ്യം ഈ സബ് കമ്മിറ്റിയുമായി ചർച്ചചെയ്തിനുശേഷം ചീഫ് ജസ്റ്റീസിനും അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിക്കും മുമ്പാകെ റിപ്പോർട്ട് നൽകിയതായി അറിയാൻ കഴിഞ്ഞു. എന്നാൽ നാളിതുവരെ അസോസിയേഷൻ ആവശ്യപ്പെട്ടത് പ്രകാരമുള്ള മാറ്റങ്ങൾ ഇഫയലിങ് ചട്ടങ്ങളിൽ വരുത്താൻ തയ്യാറായിട്ടില്ല. ഇഫയലിങ് മൊഡ്യൂളിൽ ചില മാറ്റങ്ങൾ വരുത്താൻ തയ്യാറായതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. പുതിയ സമ്പ്രദായങ്ങൾ ഏർപ്പെടുത്തുമ്പോൾ അഭിഭാഷകരെയും അഭിഭാഷക ക്ലർക്കുമാരെയും മുഖവിലക്കെടുത്തുകൊണ്ട് അഭിപ്രായങ്ങൾ ശേഖരിച്ചുകൊണ്ട് മാത്രമേ ആകാവു എന്നതാണ് അസോസിയേഷന്റെ പൊതുവായ നിലപാട്. നിയമപരമായി അവകാശപ്പെട്ട, നിലവിലുള്ള ഫിസിക്കൽ ഫയലിങ് രീതിയിലേയും, കേസുകൾ പോസ്റ്റ് ചെയ്യുന്നതിലുള്ള അപാകതകളും, ഗൗരവമായി കണക്കിൽ എടുത്ത് പരിഹരിക്കേണ്ടതുണ്ട്. 2021 ഏപ്രിൽ 10നുശേഷം കോടതി സമുച്ചയത്തിലേക്ക് അഭിഭാഷകർ കടന്നു വരാതെയാണ് കോടതികൾ പ്രവർത്തിച്ചിരുന്നത്. ജില്ലാ കോടതികളിലെ സാഹചര്യവും മറിച്ചല്ല. നീണ്ട 7 മാസങ്ങൾക്കുശേഷം സംസ്ഥാനത്തെ പൊതുജീവിതം മുഴുവൻ സാധാരണ നിലയിലേക്ക് നീങ്ങിയപ്പോൾ കോടതികൾ മാത്രം തുറന്ന് പ്രവർത്തിക്കാത്തതിനാൽ അസോസിയേഷൻ ഈ ആവശ്യം ഉന്നയിച്ച് കത്ത് നൽകിയിരുന്നു. എന്നാല് വ്യക്തമായ മറുപടി ലഭിക്കാതിരുന്നതിനെ തുടർന്ന് 30.10.2021ലെ ജനറൽ ബോഡിയിൽ വിഷയം ചർച്ച ചെയ്യുകയും 01.11.2021ൽ ഇത് സംബന്ധിച്ച് അസോസിയേഷന്റെ പ്രതിഷേധം ഹൈക്കോടതിയെ അറിയിക്കുവാനും തീരുമാനിച്ചു. 01.11.2021ൽ ഉച്ചയ്ക്ക് 1.00 മണിക്ക്

കോടതികൾ തുറന്ന് പ്രവർത്തിക്കണം, ഫിസിക്കൽ സിറ്റിങ് പുനഃരാംഭിക്കണം എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് ബാഡ്ജുകൾ ധരിച്ച് അഭിഭാഷകർ അസോസിയേഷന്റെ നേതൃത്വത്തിൽ കോടതി കെട്ടിടത്തിൽ സമ്മേളിക്കുകയും പ്രതിഷേധം അറിയിക്കുകയും ചെയ്തു. പിറ്റേ ദിവസം തന്നെ ചിഫ് ജസ്റ്റിസിന്റെ നിർദ്ദേശപ്രകാരം ജസ്റ്റീസ് മുഹമ്മദ് മുസ്താഖ്, ജസ്റ്റീസ് അനു ശിവരാമൻ, ജസ്റ്റീസ് അനിൽ കെ നരേന്ദ്രൻ എന്നിവർ അഡ്വക്കേറ്റ് ജനറൽ, കേരള ബാർ കൗൺസിൽ ചെയർമാൻ, അസോസിയേഷൻ പ്രസിഡന്റ് എന്നിവരുമായി ചർച്ച നടത്തുകയും ഫിസിക്കൽ ഹിയറിങ് പുനഃരാരംഭിക്കാമെന്ന് തത്വത്തിൽ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് അഭിഭാഷക പ്രതിനിധികൾ ചീഫ് ജസ്റ്റീസ് ഉൾപ്പെടുന്ന അഡ്മിനിസ്ട്രറ്റീവ് കമ്മിറ്റിയുമായി ചർച്ച നടത്തുകയും 22.11.2021 മുതൽ കോടതികളിൽ ഫിസിക്കൽ ഹിയറിങ് ആരംഭിക്കുകയും ചെയ്തു. എന്നാൽ പോസ്റ്റിങ്ങിലും ഫയലിങ്ങിലുമുള്ള അഭിഭാഷകരുടെ പരാതികൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല.

കോവിഡ് മഹാമാരിയെ തുടർന്ന് അഭിഭാഷകർ ഒട്ടേറെ പേർ രോഗികൾ ആകുകയും മരണപ്പെട്ടുപോകുകയും ചെയ്തിട്ടുണ്ട്.എന്നാൽ അസോസിയേഷന്റെ ഭാഗത്തുനിന്നുണ്ടായ സഹായങ്ങൾ കൃത്യസമയത്ത് തന്നെ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടുതൽ സഹായം നൽകാൻ സാധിക്കുന്ന തരത്തിൽ വിഭാവനം ചെയ്ത 2011 മുതൽ നിലവിലുള്ള വെൽഫെയർ ഫണ്ട് ട്രസ്റ്റ് സ്കീമിൽ കൂടുതൽ മെമ്പർമാർ അംഗങ്ങൾ ആയാൽ മാത്രമേ ഏകദേശം 3 കോടി രൂപയോളം ധനശേഖരണമുള്ള അക്കൗണ്ടിൽ നിന്നും കൂടുതൽ പേർക്ക് സഹായം എത്തിക്കാൻ സാധിക്കുകയുള്ളൂ. എക്സിക്യൂട്ടീവ് കമ്മിറ്റി വിഭാവനം ചെയ്ത്, ഈ വർഷം നിലവിൽ വരുത്തിയ കോവിഡ് ചികിത്സാ പദ്ധതി (സ്കീം നമ്പർ 3) ഈ മഹാമാരിയുടെ കാലത്ത് മെമ്പർമാർക്ക് കൂടുതൽ ആശ്വാസം ഏകും എന്ന കാര്യത്തിൽ സംശയമില്ല. ഇത് പ്രാബല്യത്തിൽ വരുത്താൻ കഴിഞ്ഞതിൽ ഈ കമ്മിറ്റിക്ക് അതിയായ സന്തോഷവും അഭിമാനവും ഉണ്ട്. വെൽഫെയർ ഫണ്ട് ട്രസ്റ്റ് സ്കീമിൽ ചേരാൻ 10 വർഷത്തിൽ താഴെയുള്ള ജൂനിയർ അഭിഭാഷകർക്കും വനിതാഅഭിഭാഷകർക്കും,

മെമ്പർഷിപ്പ് എടുക്കുന്നതിലേക്കായി 5000 രൂപ വീത നൽകാൻ ജനറൽ ബോഡിയുടെ അനുവാദത്തോടുകൂടി തീരുമാനമെടുത്തിട്ടുണ്ട്. ഈ പദ്ധതി കൂടി പ്രയോജനപ്പെടുത്തിയാൽ കോവിഡ് കാലത്ത് ആരോഗ്യ കാരണങ്ങളാലും വരുമാനക്കുറവിന്റെ കാരണത്താലും വിഷമിക്കുന്ന അഭിഭാഷകർക്ക് സഹായം നൽകാൻ അസോസിയേഷനു സാധിക്കുമെന്നുള്ളത് നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. നീണ്ട 7 മാസ കാലയളവായി ഹൈക്കോടതി കെട്ടിടത്തിലേക്ക് അഭിഭാഷകർ വരാറില്ലായിരുന്നു. വിഡിയോ കോൺഫറൻസിലൂടെ മാത്രമാണ് കോടതികൾ പ്രവർത്തിച്ചിരുന്നത്. എന്നാൽ അസ്സോസിയേഷന്റെ ആവശ്യപ്രകാരവും ഹൈക്കോടതിയുമായുള്ള ചർച്ചകൾക്കുശേഷം 22.11.21 മുതൽ ഫിസിക്കൽ ഹിയറിങ് പുനഃരാംഭിക്കുകയുണ്ടായി. ഈ സമയത്ത് അസോസിയേഷന്റെ രണ്ടാം നിലയിലുള്ള കാന്റിനിൽ 10 രൂപയ്ക്ക് അഭിഭാഷകർക്ക് ഉച്ചഭക്ഷണം ലഭ്യമാക്കാനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിയതിലും അസോസിയേഷൻ അംഗങ്ങൾ അഭിമാനപൂർവ്വം സ്വീകരിക്കുകയും ചെയ്തത് ഈ കമ്മിറ്റിയുടെ നേട്ടമായിതന്നെ ഞങ്ങൾ കാണുന്നു. 2020 അവസാനം മുതൽ കോവിഡ് വാക്സിനേഷൻ ആരംഭിച്ചെങ്കിലും വാക്സിൻ ലഭ്യതയെക്കുറിച്ചുള്ള ആശങ്കകൾ മാസങ്ങളോളം വിട്ടുമാറിയിരുന്നില്ല. എന്നാൽ ഹൈക്കോടതിയുടെ സഹായത്തോടെ സർക്കാർ ആരോഗ്യവകുപ്പുമായി ചേർന്ന് വ്യത്യസ്ഥ കാറ്റഗറിയിൽ ഉള്ളവർക്ക് വാക്സിൻ ലഭ്യമാക്കാൻ കഴിഞ്ഞു എന്നുള്ളത് അസോസിയേഷന് അഭിമാനകരമാണ്. സർക്കാർ തലത്തിൽ സൗജന്യ വാക്സിൻ ലഭ്യമാക്കിയതിനും പുറമെ നാട്ടിലുണ്ടായ വാക്സിൻ ക്ഷാമം കണക്കിലെടുത്ത് സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തത്തോടുകൂടി അഭിഭാഷകർക്കും കുടുംബങ്ങൾക്കും ജീവനക്കാർക്കും ക്ലർക്കുമാർക്കും വാക്സിൻ ലഭ്യമാക്കാൻ അസോസിയേഷൻ അവസരം ഒരുക്കുകയുണ്ടായി. ഇക്കാര്യത്തിൽ ഹൈക്കോടതി അഡ്മിനിസ്ട്രഷനോടും ജസ്റ്റീസ് മുഹമ്മദ് മുസ്താഖ്, ജസ്റ്റീസ് അനിൽ കെ നരേന്ദ്രൻ, ജസ്റ്റീസ് ദേവൻ രാമചന്ദ്രൻ, ജസ്റ്റീസ് ടി.ആർ രവി, ജസ്റ്റീസ് ഗോപിനാഥമേനോൻ, എന്നിവരോട് അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി തങ്ങളുടെ നന്ദി രേഖപ്പെടുത്തുന്നു.

2020ലെ ലോക്ഡൗൺ കാലഘട്ടം മുതൽ 2021ലെ ലോക്ഡൗൺ വരെയും അതിനുശേഷവും കോടതികളുടെ പ്രവർത്തനങ്ങളിൽ ഉണ്ടായ മാറ്റങ്ങളും അനിശ്ചിതാവസ്ഥയും അഭിഭാഷകവൃത്തിയുടെ നിലനിൽപ്പിനെ തന്നെ ബാധിക്കുന്ന തരത്തിൽ ആയിരുന്നു. ഇക്കാലയളവിൽ എല്ലാത്തരം മെമ്പർമാരെയും ചേർത്തുപിടിക്കാൻ അസോസിയേഷനു സാധിച്ചിട്ടുണ്ട്. മുന്നോട്ടുള്ള പ്രയാണത്തിലും പരസ്പരം സഹായിച്ചും സഹകരിച്ചും നമ്മുടെ സഹോദര്യം നിലനിൽത്താൻ ഏവരും പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

**<u>തെരഞ്ഞെടുപ്പ്</u>**

2020 ഡിസംബർ മാസത്തിൽ 21, 22 തീയതികളിൽ നടന്ന തെരഞ്ഞെടുപ്പിൽ 2021ലേക്കുള്ള ഭരണസമിതിയെ തെരഞ്ഞെടുത്തു.

| | | |
|---|---|---|
| പ്രസിഡന്റ് | - | അഡ്വ. തോമസ് എബ്രഹാം |
| വൈസ് പ്രസിഡന്റുമാർ | - | അഡ്വ. എസ്. മുഹമ്മദ് അൽറാഫി |
| | | അഡ്വ.രേണു ഡി.പി |
| സെക്രട്ടറി | - | അഡ്വ.ടി.ആർ രഞ്ജിത്ത് |
| ട്രഷറർ | - | അഡ്വ. പി.എസ് അപ്പു |
| ജോ.സെക്രട്ടറി | - | അഡ്വ.നിമ്മി എൽസമ്മ ജോൺസൺ |
| എക്സിക്യൂട്ടീവ് കമ്മിറ്റി | - | അഡ്വ.ഹരിത വി.എ |
| | - | അഡ്വ. സുധീൻകുമാർ കെ. |
| | - | അഡ്വ.ജോൺ മാണി വി. |
| | - | അഡ്വ.സന്ദീപ് ആർ.എൻ |
| | - | അഡ്വ.ജെസ്സി ജോർജ്ജ് |

01.01.2021ൽ 2020ലെ കമ്മറ്റി അംഗങ്ങളുടെയും പുതുതായി തെരഞ്ഞടുക്കപ്പെട്ട ഭാരവാഹികളുടെയും സംയുക്ത യോഗത്തിൽ പുതിയ കമ്മിറ്റി ചുമതലയേറ്റു.

**മെമ്പർഷിപ്പ്**

നിലവിൽ അസോസിയേഷനിൽ 3077 ലൈഫ് മെമ്പറുമാരും 5604 ഓഡിനറി മെമ്പറുമാരുമായി ആകെ 8681 അംഗങ്ങളാണ് ഉള്ളത്. ഈ വർഷം 430 പേർക്ക് പുതിയതായി അംഗത്വം നൽകി.

**നോട്ടീസ് ഗ്രൂപ്പുകൾ**

വർഷാരംഭം മുതൽ ബഹുഭൂരിപക്ഷം കോടതികളും വിഡിയോ കോൺഫറൻസിലൂടെയാണ് കേസുകൾ കൈകാര്യം ചെയ്തിരുന്നത്. ഏപ്രിൽ മാസത്തിലെ ലോക്ഡൗൺനു ശേഷം പൂർണ്ണമായും എല്ലാ കോടതികളും വിഡിയോ കോൺഫറൻസിലേക്ക് മാറി. ഇക്കാലയളിൽ അഭിഭാഷകർ ഹൈക്കോടതി കെട്ടിടത്തിലേക്ക് വരാതായി. അസോസിയേഷന്റെ നോട്ടീസുകളും മറ്റും മുഴുവൻ മെമ്പർമാരിലേക്കും എത്തിക്കുന്നതിനായി 20 ഓളം വാട്ട്സ്ആപ് ഗ്രൂപ്പുകൾ അസോസിയേഷന്റെ നേതൃത്വത്തിൽ തന്നെ തുടങ്ങി. നിലവിലുണ്ടായിരുന്ന ഫേയ്സ്ബുക്ക് പേജും KHCAA വെബ്സൈറ്റും സജീവമാക്കി.

ചേംബറിലെ ബോർഡ് ഓഫ് ഗവണേഴ്സ്, വനിതാ അഭിഭാഷകർ, ചേംബർ അലോട്ടീസ്, വെൽഫെയർ ഫണ്ട് ബോർഡ് ഓഫ് ട്രസ്റ്റീസ് എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് വിവിധ വാട്ട്സ് ആപ്പ് ഗ്രൂപ്പുകളും ഉണ്ടാക്കി. ഇവയിലുടെ ഹൈക്കോടതിയിലെ ഓരോ ദിവസത്തേയും ലിസ്റ്റുകൾ തലേന്ന് വൈകിട്ട് തന്നെ മെമ്പർമാരിലേക്ക് എത്തിക്കാൻ സാധിക്കുന്നു. കഴിഞ്ഞ വർഷം എസ്.എം.എസ് അയക്കാൻ വേണ്ടി മാത്രം അസോസിയേഷൻ 1,01,405/- രൂപ ചിലവാക്കിയിരുന്നു.

**ലാപ്ടോപ്പ് സ്കീം**

2020ലെ ലോക്ഡൗൺനുശേഷം കോവിഡ് 19 നിയന്ത്രണങ്ങൾ ഉണ്ടായപ്പോൾ കോടതിയുടെ നടത്തിപ്പ് വിഡിയോ കോൺഫറൻസിലേക്ക് മാറ്റിയപ്പോൾ കഴിഞ്ഞ വർഷത്തെ കമ്മിറ്റി, മെമ്പർമാർക്ക് ലാപ്ടോപ്പ് വിതരണം ചെയ്യാനായി കരാറിൽ

ഏർപ്പെട്ടിരുന്നു.വളരെ കുറച്ച് ലാപ്ടോപ്പുകൾ മാത്രമേ കഴിഞ്ഞ വർഷം വിതരണം ചെയ്യാനായുള്ളൂ. വിതരണം ചെയ്ത ലാപ്ടോപ്പുകൾക്ക് വേഗത കുറവാണെന്നതും പര സ്യപ്പെടുത്തിയ കോൺഫിഗറേഷൻ ഉണ്ടായിരുന്നില്ലെന്നുള്ളതും അറിഞ്ഞപ്പോൾ മുഴുവൻ ലാപ്ടോപ്പുകൾക്കും SSD Card സൗജന്യമായി വെച്ചുകൊടുക്കാമെന്ന് വിതരണക്കാർ സമ്മതിക്കുകയും ചെയ്തിരുന്നു. 2021 ഫെബ്രുവരി മാസത്തിൽ മാത്രമാണ് ബാക്കി... ..എണ്ണം ലാപ്ടോപ്പുകൾ വിതരണക്കാർ നൽകിയുള്ളൂ. വാറന്റി നിബന്ധനകളിലുണ്ടായ അവ്യക്തകൊണ്ട് ഈ കമ്മിറ്റി DELL കമ്പനിയുമായി ബന്ധപ്പെടുകയും SSD Card ഘടിപ്പി ക്കുന്നതുകൊണ്ട് വാറന്റി നഷ്ടമാകില്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്തു. 2020ൽ തന്നെ കെ.എസ്.എഫ്.ഇയുമായി ചേർന്ന് ലാപ്ടോപ്പ് വാങ്ങുന്നതിലേക്കായി ഒരു ലോൺ സ്കീം ആരംഭിച്ചിരുന്നു. KSFEയുടെ അറിയിപ്പുപ്രകാരം കുറച്ച് അഭിഭാഷകർ ലോൺ തിരിച്ചടവിൽ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞു. കഴിവതും തിരിച്ചടവിൽ വീഴ്ച്ചയുണ്ടാകാതിരിക്കാൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**<u>വെബിനാർ</u>**

കോവിഡിന്റെ രണ്ടാം തരംഗത്തിന്റെ ഭീതിയിലായിരുന്ന ഈ വർഷാരംഭത്തിൽ "Positive response to Covid 19" mental health challenges among professionals എന്ന വിഷയത്തിൽ ഡോ. കെ.സി ജോൺ, Clinical Psychatrist, മെമ്പർ, കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി 29.01.2021ലും "Covid 19 & Vaccine the present status of science" എന്ന വിഷയത്തിൽ ഡോ.രാജീവ് ജയദേവൻ (Dr. Rajeev Jayadevan (Former IMA President) എന്നിവരുടെ നേതൃത്വത്തിൽ 01.02.2021ലും വെബിനാറുകൾ സംഘടിപ്പിച്ചു.

**<u>കോവിഡ് വാക്സിനേഷൻ</u>**

ഹൈക്കോടതി അഡ്മിനിസ്ട്രേഷന്റെയും സർക്കാർ ആരോഗ്യവകുപ്പിന്റെയും സഹായ ത്തോടെ വാക്സിൻ വിതരണം ഹൈക്കോടതി ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി. 60 വയസ്സിൽ മുകളിലുള്ളവർക്കായി 10.03.2021 തീയതി 31 പേർക്ക് ഫസ്റ്റ് ഡോസ് നൽകു

കയും അവർക്ക് സെക്കന്റ് ഡോസ് 30.04.2021 തീയതിയിൽ നൽകുകയും ചെയ്തു. 45 വയസ്സിനുമുകളിൽ പ്രായമുള്ള 90 പേർക്ക് 8, 9 തിയതികളിൽ ഫസ്റ്റ് ഡോസും അവർക്ക് 12.07.2021ൽ സെക്കന്റ് ഡോസും നൽകുകയുണ്ടായി. 18 - 45 വിഭാഗക്കാർക്ക് 02.07.2021ൽ 136 പേർക്ക് ഫസ്റ്റ് ഡോസും അവർക്ക് 30.09.2021ൽ സെക്കന്റ് ഡോസും നൽകുകയുണ്ടായി. അവസാനമായി 18 വയസ്സിനുമുകളിലുള്ള എല്ലാവർക്കുമായി സൗജന്യ വാക്സിൻ നൽകി. വാക്സിൻ വിതരണം വൈകുന്ന സാഹചര്യം ഉണ്ടായപ്പോൾ പണം നൽകി സ്വകാര്യ ആശുപത്രികളുടെ സഹായത്തോടെ 10,11,16,17 ജൂൺ 2021 തീയതികളിലായി 1083ഓളം അഭിഭാഷകരുടെ കുടംബാംഗങ്ങൾക്കും ക്ലർക്കുമാർക്കും വാക്സിൻ എടുക്കുവാനുള്ള സൗകര്യം ഹൈക്കോടതി ഓഡിറ്റോറിയത്തിൽ അസോസിയേഷൻ ഒരുക്കുകയുണ്ടായി. അഭിഭാഷകർക്കും അവരോടൊപ്പമുള്ളവർക്കും കോവിഡ് വാക്സിൻ എടുക്കുവാൻ സാധിച്ചു എന്നുള്ളത് ഈ മഹാമാരി കാലയളവിലെ ഒരു നേട്ടമായി അസോസിയേഷൻ കണക്കാക്കുന്നു.

**KHCAA Canteen & Subsidized food scheme**

കോവിഡ് നിയന്ത്രണങ്ങൾ ഉണ്ടായിരുന്ന കാലത്ത് KHCAA നിയന്ത്രണത്തിലുള്ള കാന്റീൻ പ്രവർത്തിച്ചിരുന്നില്ല.കോവിഡ് മാനദണ്ഡങ്ങളിൽ ഇളവുകൾ പ്രഖ്യാപിച്ചപ്പോൾ കാന്റീൻ മുൻപ് നടത്തിയിരുന്നവർ തുടർന്ന് നടത്തികൊണ്ട് പോകാൻ തയ്യാറായില്ല. 19.02.2021ൽ കാന്റീൻ നടത്തിപ്പിനായി ടെൻഡർ നോട്ടീസ് ഇറക്കിയും പത്രത്തിൽ പരസ്യം നൽകുകയും ക്വട്ടേഷനുകൾ സ്വീകരിച്ച് ഇപ്പോൾ പ്രവർത്തിക്കുന്ന M/s Eva & Antos എന്ന സ്ഥാപനവുമായി കാന്റീൻ നടത്തിപ്പിനുള്ള കരാറിൽ ഏർപ്പെട്ടു. ഏറെ നാളായി പൂട്ടികിടന്ന കാന്റീൻ അറ്റകുറ്റപണികൾ നടത്തി 17.03.2021ൽ തുറന്നു പ്രവർത്തിച്ചു തുടങ്ങി. കാന്റീൻ ഉത്ഘാടനം ബഹു.ഹൈക്കോടതി ജഡ്ജ് ജസ്റ്റീസ് സി.റ്റി രവികുമാർ അന്ന് രാവിലെ 9.30മണിക്ക് നിർവ്വഹിച്ചു. കോവിഡ് നിയന്ത്രണങ്ങൾ ഘട്ടഘട്ടമായി പിൻവലിച്ചപ്പോൾ കാന്റീനിൽ നിന്നും പാഴ്സൽ വിതരണം ആരംഭിക്കുകയും ചെയ്തു. ഈ സമയം ചേമ്പർ ബിൽഡിങ്ങിലെ ഇന്ത്യൻ കോഫി ഹൗസ് പ്രവർത്തനം

നിർത്തിയതിനാൽ ചേബർ കോപ്ലക്സിന് അരികിൽ M/s Eva & Antosനെകൊണ്ട് ഒരു താത്കാലിക കഫേറ്റേരിയ പ്രവർത്തനം ആരംഭിപ്പിക്കുകയും ചെയ്തു. കാന്റീൻ കമ്മിറ്റി യുടെ ചാർജ്ജ് ഉണ്ടായിരുന്ന അഡ്വ.ജോൺ മാണിയുടെ നേതൃത്വത്തിൽ M/s Eva & Antosഉം ആയിട്ട് ചർച്ച് നടത്തി കോടതി തുറക്കുമ്പോൾ സബ്സിഡിയോടുകൂടി ഏറ്റവും കുറഞ്ഞ  നിരക്കിൽ ഉച്ചഭക്ഷണം ലഭ്യമാക്കാൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം എടുത്തു. സബ്സിഡി നൽകുന്നതിലേക്കായി സീനിയർ അഡ്വക്കറ്റും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവുമായ ശ്രീ ടി. കൃഷ്ണനുണ്ണി സർ 50000/- രൂപ ആദ്യമായി നൽകി ഫുഡ് സബ്സിഡിക്കുള്ള പദ്ധതി ആരംഭിച്ചു. പദ്ധതി ഉത്ഘാടനത്തിനുമുൻപ് തന്നെ

പ്രസിഡന്റ് -25000/-രൂപ സെക്രട്ടറി 10000/-, അഡ്വ. ജോൺ മാണി 25000/-കൂടാതെ പ്രസ്തുത അക്കൗണ്ടിലേക്ക് നമ്മുടെ മെമ്പർമാരായ അഡ്വ. സന്തോഷ് മാത്യു 100000/-രൂപയും, അഡ്വ ജോൺ വർഗ്ഗീസ് 10000/-രൂപയും അഡ്വ. അനിൽ എസ്. രാജ് 10000/-രൂപയും അഡ്വ. ജവഹർജോസ് 10000/-, അഡ്വ. എം.പി അശോക് കുമാർ, 25000/- അഡ്വ.സൈബി ജോസ് കിടങ്ങൂർ 25000/-, സീനിയർ അഡ്വ.വിജയ ഭാനു 50000/-, സീനിയർ അഡ്വ.ജോർജ്ജ് പൂന്തോട്ടം 100000/-നൽകി. **(ആകെ തുക 4,40000/–)** 22.11.2021ൽ കോടതി തുറന്നു പ്രവർത്തിക്കുന്നതിനുമുൻപായി തന്നെ 10 രൂപയ്ക്ക് നമ്മുടെ മെമ്പർമാർക്ക് ഉച്ചഭക്ഷണം ലഭ്യമാക്കാനുള്ള തീരുമാനം എക്സിക്യൂട്ടീവ് കമ്മിറ്റി എടുത്തു. സബ്സിഡി തുക അസോസിയേഷനിലെ പ്രത്യേക അക്കൗണ്ടിൽ നിന്നും നൽകാനും ഭാവിയിൽ പദ്ധതി നടത്തികൊണ്ട് പോകുന്നതിന് രണ്ട് വർഷക്കാലം പ്രവർത്തനകാലയളവുള്ള ഒരു സ്ഥിരം കമ്മിറ്റിയെ ചുമതല ഏൽപ്പിക്കാനും എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം എടുത്തു. പ്രസ്തുത പദ്ധതിയുടെ ഉത്ഘാടനം 18.11.2021ന് ഉച്ചയ്ക്ക് 1.00മണിക്ക് ബഹു. ജസ്റ്റീസ് മുഹമ്മദ് മുസ്താഖ് നിർവ്വഹിച്ചു. തങ്ങളുടെ എല്ലാവരുടെയും അവകാശം എന്ന രീതിയിൽ ലഭ്യമാക്കിയിരിക്കുന്ന ഈ പദ്ധതിക്ക് വളരെ നല്ല അഭിപ്രായമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. അസോസിയേഷന്റെ പ്രവർത്തനങ്ങളിലെ അഭിമാനിക്കാവുന്ന ഒന്നായി ഈ കമ്മിറ്റി ഇതിനെ വിലയിരുത്തുന്നു.

സബ്സിഡി നൽകുന്നതിനായി തുടങ്ങിയ പ്രത്യേക ബാങ്ക് അക്കൗണ്ടിലേക്ക് കൂടുതൽ ധനശേഖരണം നടത്തുക വഴി ഈ പദ്ധതിയെ വിപുലീകരിക്കാൻ സാധിക്കും. സ്ഥിരം കമ്മിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക വഴി ഭാവിയിൽ ഈ പദ്ധതി വിപുലീകരിച്ച് മുന്നോട്ട് കൊണ്ടുപോകാൻ ആകും എന്നാണ് ഈ കമ്മിറ്റി കരുതുന്നത്.

**ചേബർ കോപ്ലക്സ്**

ഗോൾഡൻ ജൂബിലി ചേബർ കോപ്ലക്സ് നമ്മുടെ അസോസിയേഷന്റെ അഭിമാനകരമായ നേട്ടം ആണ്. 2006ൽ തറക്കല്ലിട്ട് 2011ൽ പണി പൂർത്തീകരിച്ച ഈ കെട്ടിടത്തിൽ ഇപ്പോൾ 539 അഭിഭാഷകരുടെ ഓഫീസുകൾ പ്രവർത്തിക്കുന്നു. 2017നുശേഷം കഴിഞ്ഞ 4 വർഷക്കാലമായി കാര്യമായ അറ്റകുറ്റപണികൾ ഒന്നും ഈ കെട്ടിടത്തിൽ നടത്തിയിരുന്നില്ല. ഈ കമ്മിറ്റി ചാർജ്ജ് എടുത്തശേഷം ചേംബർ അലോട്ടീസിന്റെ പൊതുയോഗം 14.01.2021ൽ വിളിക്കുകയും ബോർഡ് ഓഫ് ഗവണേഴ്സിനെ തിരഞ്ഞെടുക്കുകയും ചെയ്തു. തുടർന്ന് ഓരോ ഫ്ളോറിലേയും ചെയ്യേണ്ട അറ്റകുറ്റപണികളുടെ കണക്ക് എടുക്കുകയും അവ ചെയ്തു തീർക്കാൻ ഓരോ നിലകളിലുമുള്ള അലോട്ടീസിനെ ഉൾപ്പെടുത്തികൊണ്ട് ഒരു മെയിന്റൻസ് കമ്മിറ്റി രൂപീകരിച്ചു. അവർ ആവശ്യപ്പെട്ട പ്രകാരമുള്ള അറ്റകുറ്റപണികൾ നടത്തി. ശോചനീയമായി കിടന്ന ടോയ്ലെറ്റുകളും പൊതുയിടങ്ങളും നന്നാക്കി. 2019 മുതൽ  മുടങ്ങി കിടന്നിരുന്ന ഡീസൽ ജനറേറ്റർ, എസ്.റ്റി.പി ഫയർ & സേഫ്റ്റി എന്നിവയ്ക്കുള്ള വാർഷിക മെയിന്റനൻസ് കോൺട്രാക്റ്റ് പുതുക്കാൻ തീരുമാനിച്ചു. അതിനായി പത്രപരസ്യം നൽകി. ചർച്ചകൾക്കൊടുവിൽ AMC (annual maintenance contract)ൽ ഏർപ്പെടാനുള്ള അവസാനഘട്ടത്തിലാണ്. കോവിഡ് നിയന്ത്രണങ്ങൾ മൂലം പ്രവർത്തനം നിലച്ചുപോയ ഇന്ത്യൻ കോഫി ഹൗസ്, എക്സിക്യൂട്ടീവ് കമ്മിറ്റിയും ബോർഡ് ഓഫ് ഗവണേഴ്സിലെ അംഗങ്ങളും മെയിന്റൻസ് കമ്മിറ്റി അംഗങ്ങളും പരിശോധന നടത്തി. വളരെ വൃത്തിഹീനമായ ചുറ്റുപാടിലാണ് കോഫി ഹൗസിലെ അടുക്കളയും സ്റ്റോർ റൂം പ്രവർത്തിച്ചിരുന്നത്. അവിടെ വൃത്തിയാക്കാനും വേണ്ടുന്ന അറ്റകുറ്റപണികൾ നടത്താനും കമ്മിറ്റി ആവശ്യപ്പെട്ടിരുന്നു. എന്നാൽ അവ ഒന്നും നടത്താനാ

വില്ലെന്ന നിലപാടാണ് കോഫി ഹൗസ് സ്വീകരിച്ചത്. തുടർന്ന് അവരുമായി മുന്നോട്ട് പോകുവാൻ സാധിക്കാതെ വന്നിരിക്കുകയാണെന്നും അസോസിയേഷനെ അറിയിക്കുകയും ഉണ്ടായി.ഇക്കാലയളവിൽ കോവിഡ് നിയന്ത്രണങ്ങൾ ഉള്ളതിനാൽ കോഫി ഹൗസ് തുറന്ന് പ്രവർത്തിക്കാൻ സാധിക്കുമായിരുന്നില്ല. എന്നാൽ ഈ സമയം ചേംബർ കെട്ടിടത്തിലെ ബേസ്മെന്റ് പാർക്കിംഗ് ഏരിയായിൽ കോഫി ഹൗസ് നിന്നിരുന്ന സ്ഥലത്തിനു താഴെയായി ചോർച്ചയുണ്ടെന്നും കാറുകൾക്ക് മെലെ അഴുക്ക് ജലം വീഴുന്നെന്നും അസോസിയേഷന് പരാതി കിട്ടി. തുടർന്ന് നടന്ന പരിശോധനയിൽ കോഫി ഹൗസ് നിന്നിരുന്ന സ്ഥലത്ത,് പ്രത്യേകിച്ച് അടുക്കളയും വർക്ക് ഏരിയായും പ്രവർത്തിച്ചിരുന്ന സ്ഥലത്ത്, കാര്യമായ സ്ട്രക്ചറൽ വ്യത്യായാനങ്ങൾ നടത്തിയതായി കാണാൻ സാധിച്ചു. ഏകദേശം 30ഓളം ലോഡ് മണ്ണ് ഇറക്കി കോൺക്രീറ്റ് തറ പൊക്കി അതിനുമുകളിൽ ടൈൽ വിരിച്ചാണ് വർക്ക് ഏരിയ പ്രവർത്തിക്കുന്നത്. ടൈലുകൾ പൊട്ടിയ നിലയിലാണ് വർഷങ്ങളായി കോഫി ഹൗസിലെ അടുക്കളയും സ്റ്റോർ റൂം പ്രവർത്തിച്ചിരുന്നത്. ഏകദേശം 30 ടണ്ണോളം മണ്ണ് നനഞ്ഞ കുതിർന്ന ഭാരംകൂടിയ അവസ്ഥയിൽ ആയിരുന്നു. ഇതിന്റെ താഴെയായിരുന്നു ചോർച്ച റിപ്പോർട്ട് ചെയ്തതും തുടർന്നുള്ള പരിശോധനയിൽ വിള്ളലുകൾ കണ്ടതും. ഇക്കാര്യങ്ങളെക്കുറിച്ച് പഠിക്കാൻ വൈസ് പ്രസിഡന്റ് അഡ്വ.മുഹമ്മദ് അൽറാഫിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചു. ഈ കമ്മറ്റിയുടെ പ്രാഥമിക പഠനത്തിൽ മേൽപറഞ്ഞ 30 ടണ്ണോളം നനഞ്ഞു കിടന്ന മണ്ണ് ഉടനടി നീക്കാൻ കമ്മിറ്റി തീരുമാനം എടുത്തു. മുൻകാലങ്ങളിൽ കോഫി ഹൗസിന്റെ പ്രവേശന സ്ഥലത്തെ കോൺക്രീറ്റ് ഭീമിന്റെ കുറച്ചുഭാഗം അറുത്തുമാറ്റിയിട്ടുള്ളതും മനസ്സിലാക്കാൻ സാധിച്ചു. തുടർന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി ചേംബർ കോപ്ലംക്സിന്റെ കോഫിഹൗസ് നിന്ന ഭാഗത്ത് കാര്യമായ സ്ട്രക്ചറലൽ മെയിന്റനൻസ് നടത്തേണ്ടതുണ്ടോ എന്ന് വിദഗ്ധരെ കൊണ്ട് പഠനം നടത്തിച്ചു. കെട്ടിടം നിർമ്മിച്ച സ്ട്രക്ചറലൽ എഞ്ചിനീയർ ആയ M/s Geo Structures ഉൾപ്പെടെ മൂന്ന് വിദഗ്ദ്ധരുടെ റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ട്. മൂന്നുപേരും കൂടുതൽ പരിശോധനകൾ നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. കെട്ടിടം നിർമ്മിച്ച M/s

Geo Structures ന്റെ നിർദ്ദേശപ്രകാരം 23.11.2021ൽ വേണ്ടുന്ന പരിശോധനകൾ നടത്തിയിരുന്നു. അവരുടെ റിപ്പോർട്ട് ലഭിച്ചശേഷം അറ്റകുറ്റ പണികൾ നടത്തേണ്ടതുണ്ട് എന്ന് അറിയാൻ കഴിഞ്ഞു. മണ്ണ് നീക്കം ചെയ്ത് ലഭ്യമാക്കിയ തെക്ക് പടിഞ്ഞാറെ മൂലയിലെ സ്ഥലം കോമേഴ്‌സ്യൽ ഏരിയ ആയി രൂപപ്പെടുത്തി അസോസിയേഷനു വരുമാനം ഉണ്ടാകുന്ന രീതിയിൽ ഭാവിയിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

ഇക്കാലയളവിൽ ചേംബർ അലോട്ട്മെന്റ് കമ്മിറ്റി രൂപീകരിക്കുകയും ആദ്യയോഗത്തിൽ തന്നെ ചേംബർ സറൻണ്ടർ വാല്യു വർദ്ധിപ്പിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. ഈ വർഷം 14 പേർ ചേംബർ സറൻണ്ടർ ചെയ്യുകയും പുതിയതായി ലിസ്റ്റിൽ നിന്നും 12പേർക്ക് ചേംബർ അലോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ചേംബർ മെയിന്റനൻസ് തുക വർഷങ്ങളായി അടയ്ക്കാത്തവരുണ്ട്. രണ്ട് തവണ പൊതുനോട്ടീസ് നൽകി കുടിശ്ശിക പിരിച്ചെടുക്കാൻ ശ്രമിച്ചിരുന്നു. ഈ വർഷം 19,53000/- തുക പിരിച്ചെടുക്കാൻ ഈ കമ്മറ്റിയുടെ കാലയളവിൽ സാധിച്ചിട്ടുണ്ട്. 8,49,000/- രൂപ പിരിച്ചെടുക്കാനുണ്ട്.

വർഷങ്ങളായി ചേംബർ കോംപ്ലക്സിൽ ടാങ്കർ ലോറിയിൽ വെള്ളം സംഭരിക്കുന്നതിന് ലക്ഷങ്ങളാണ് ചിലവിടുന്നത്. ഇതിന് പരിഹാരമുണ്ടാവാൻ കേരള വാട്ടർ അതോറിറ്റിയിൽ ഒരു പുതിയ കണക്ഷനു അപേക്ഷിക്കുകയും വലിയ പൈപ്പുപയോഗിച്ചുള്ള ഒരു കണക്ഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള പ്ലംബിംഗ് പണികൾ പുരോഗമിച്ച് വരുന്നു.

**<u>ലെന്റിങ് ലൈബ്രറി</u>**

ചേംബറിന്റെ ഒന്നാംനിലയിൽ പ്രവർത്തിച്ചുവരുന്ന ലൈബ്രറിക്ക് ഇപ്പോൾ ബുക്കുകളും പത്തോളം ഇന്റർനെറ്റോടുകൂടിയ കംപ്യൂട്ടർ സൗകര്യവും ഉണ്ട്. അവിടെ ഉള്ള പുസ്തക ശേഖരം മെംബർമാർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. AIBE, Munsiff Test എന്നിവയ്ക്ക് തയ്യാറെടുക്കുന്നവർക്കായി ആവശ്യംവേണ്ടുന്ന എല്ലാ പുസ്തകങ്ങളും വിതരണം ചെയ്യാൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം എടുത്തിരുന്നു.

2200/-രൂപ വിലയുള്ള നിയമപുസ്തകങ്ങൾ 1200/-രൂപയ്ക്ക് Law Books Centre എന്ന സ്ഥാപനം അസോസിയേഷനു നൽകുകയുണ്ടായി. അവ 200/- രൂപ രജിസ്ട്രേഷൻ ഫീസായും 300/-രൂപ ക്വോഷൻ ഡിപ്പോസിറ്റായും മെമ്പർമാർക്കിടയിൽ വിതരണം ചെയ്ത് തുടങ്ങി. 2006ലെ ഗോൾഡൻ ജൂബിലി ആഘോഷങ്ങൾക്കായി സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റിൽ നിന്നും ബാക്കി തുക ലൈബ്രറി ആവശ്യങ്ങൾക്കായി മാത്രം ചില വാക്കാനുള്ള അനുവാദം അസോസിയേഷനു നൽകിയിരുന്നു. ഈ തുകയിൽ നിന്നും പണം ചിലവാക്കി ചേംബറിലേയും ഹൈക്കോടതിയിലെ അസോസിയേഷൻ ലൈബ്രറിയും വിപുലീകരിക്കാവുന്നതാണ്. AIBE, Munsiff Test എന്നിവയ്ക്ക് തയ്യാറെടുക്കുന്നവർക്കുള്ള മേൽ പറഞ്ഞ പുസ്തകങ്ങളുടെ വിതരണവും ലെന്റിങ് ലൈബ്രറിയുടെ ഉദ്ഘാടനവും 17.11.2021 തിയതിയിൽ ജസ്റ്റീസ് അനുശിവരാമൻ ഉദ്ഘാടനം ചെയ്തു. കൂടുതൽ അഭിഭാഷകർക്ക് ഇത് പ്രയോജനപ്പെടുത്താവുന്നതാണ്.

**<u>വെൽഫെയർ ഫണ്ട് സ്കീം ട്രസ്റ്റ്</u>**

2011ൽ നിലവിൽ വന്ന KHCAA Welfare Fund Trustൽ ഇപ്പോൾ 2,64,35,584രൂപ മൂലധനം ഉണ്ട്. 658 പേരാണ് ട്രസ്റ്റിൽ അംഗങ്ങളായിട്ടുള്ളത്. ഡോണർ-5, ലൈഫ്-637, ഓഡിനറി-16 അങ്ങനെ 658 മെംബർമാരാണ് ഉള്ളത്.

**<u>ബോർഡ് ഓഫ് ട്രസ്റ്റീസ് അംഗങ്ങൾ</u>**

1. അഡ്വ. തോമസ് എബ്രഹാം (പ്രസിഡന്റ് KHCAA)
2 സീനിയർ അഡ്വ. ഗോപാലകൃഷ്ണ കുറുപ്പ് (അഡ്വക്കേറ്റ് ജനറൽ)
3 അഡ്വ. പി.വിജയകുമാർ (അസി.സോളിസ്റ്റർ ജനറൽ ഓഫ് ഇന്ത്യ)
4 അഡ്വ രഞ്ജിത്ത് റ്റി.ആർ, (സെക്രട്ടറി - KHCAA)
5. അഡ്വ. മുഹമ്മദ് അൽറാഫി, (വൈസ് പ്രസിഡന്റ് - KHCAA)
6. അഡ്വ. രേണു ഡി.പി, (വൈസ് പ്രസിഡന്റ്- KHCAA)
7. അഡ്വ. അപ്പു പി.എസ്, (ട്രഷറർ - KHCAA)
8. സീനിയർ അഡ്വ.കൃഷ്ണനുണ്ണി (സീനിയർ അഡ്വ.2020 KHCAA)

9. അഡ്വ.നിമ്മി ജോൺസൺ
10. അഡ്വ. ഹരിത വി.എ
11. അഡ്വ.സന്ദീപ് ആർ.എൻ
12. അഡ്വ.ജോൺ മാണി വി
13. അഡ്വ.സുധീൻകുമാർ
14. അഡ്വ.ജെസ്സി ജോർജ്ജ്
15. അഡ്വ. ആർ ലക്ഷമി നാരായൺ (പ്രസിഡന്റ് 2020 KHCAA)
16. അഡ്വ. ടി.കെ അജിത്കുമാർ (സെക്രട്ടറി 2020 KHCAA)
17. അഡ്വ. ജയകുമാർ നമ്പൂതിരി (ട്രഷറർ 2020 KHCAA)
18. സീനിയർ അഡ്വ.സന്തോഷ് മാത്യു
19. സീനിയർ അഡ്വ.എം. പി അശോക് കുമാർ
20. അഡ്വ. അനിൽ എസ്. രാജ്
21. അഡ്വ. ആർ ലക്ഷമി നാരായൺ
22. അഡ്വ. ആർ ലക്ഷമി നാരായൺ
23. അഡ്വ. ജോൺസൺ മനയാനി
24. അഡ്വ.എൻ.മനോജ് കുമാർ
25. അഡ്വ.വഹിദ ബാബു
26. അഡ്വ.ഡോ.കെ.പി.പ്രദീപ്
27. സീനിയർ അഡ്വ.കെ.പി ദണ്ഡപാണി (നോമിനി ഓഫ് ഡോണർ മെംബർ)
28. സീനിയർ അഡ്വ.എസ്.വി ബാലകൃഷ്ണ അയ്യർ (നോമിനി ഓഫ് ഡോണർ മെംബർ)
29. അഡ്വ. കെ.വി പ്രകാശ് (നോമിനി ഓഫ് ലൈഫ് മെംബർ)
30. അഡ്വ.എം.വി.എസ് നമ്പൂതിരി (നോമിനി ഓഫ് ലൈഫ് മെംബർ)
31. അഡ്വ.ശാന്തമ്മ പി.കെ (ലേഡി റെപ്രസ്റ്റേറ്റീവ് മെംബർ ട്രസ്റ്റ്)
32. അഡ്വ.ബിന്ദു ആർ (ലേഡി റെപ്രസ്റ്റേറ്റീവ് മെംബർ ട്രസ്റ്റ്)

ഈ വർഷം ട്രസ്റ്റിൽ മെംബർമാരായിട്ടുള്ള രണ്ട് പേർ മരണപ്പെട്ടു. അഡ്വ.ടോമി തോമസും അഡ്വ.മേച്ചേരിയും അവർക്കുള്ള Death Benefit നൽകി. Welfare Fund Trustൽ സ്കീം നം.1,2 എന്നീ ചികിത്സ ധനസഹായപദ്ധതികളാണ് നിലവിൽ ഉണ്ടായത്. ഈ വർഷം 09.09.2021ൽ ട്രസ്റ്റിന്റെ ജനറൽ ബോഡി യോഗത്തിൽ ബോർഡ് ഓഫ് ട്രസ്റ്റീസ് വിഭാവനം ചെയ്ത സ്കീം നം.3ന് അംഗീകാരം നൽകി പ്രാബല്യത്തിൽ വന്നു. ട്രസ്റ്റിൽ അംഗങ്ങളായി ഉള്ളവർ 1000/-രൂപ വാർഷിക വരിസംഖ്യ നൽകി സ്കീമിൽ അംഗങ്ങൾ ആയാൽ കോവിഡ് ചികിത്സ ഉൾപ്പെടെ ആശുപത്രി ചികിത്സയ്ക്ക് വിധേയനാവുകയാണെങ്കിൽ 25000/- രൂപ മുതൽ ഒരുലക്ഷം രൂപ വരെ ചികിത്സാസഹായം ലഭിക്കാവുന്നതാണ്. കോവിഡ് പോസിറ്റിവായി ചികിത്സയിൽ ആയാൽ 25000/-രൂപ വരെയും സഹായം നൽകാനാകും. ഈ മൂന്ന് സ്കീനുമുകളിലായി ചികിത്സാ പദ്ധതിയും Death Benefit സ്കീം (400000/-രൂപ)നിലവിലുണ്ടെങ്കിലും 658 പേർ മാത്രമാണ് ഇപ്പോൾ അംഗങ്ങളായി ഉള്ളത്. ഇതിലേക്ക് അംഗത്വമെടുക്കാൻ 10 വർഷത്തിൽ താഴെ പ്രാക്ടീസ് ഉള്ളവർക്കും വനിത അഭിഭാഷകർക്കും പ്രോത്സാഹനമായി 5000/-രൂപ നൽകാൻ അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിക്കുകയും 23.09.2021ൽ ചേർന്ന പൊതുയോഗം അംഗീകരിക്കുകയും ചെയ്തു. ഈവർഷം എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ച കോവിഡ് ഹെൽപ്പ് ഡെസ്ക്കിൽ സംഭാവന ലഭിച്ചതും നിർജീവമായി അസോസിയേഷൻ അക്കൗണ്ടിൽ കിടന്നിരുന്നതുമായ തുകകൾ സമാഹരിച്ച് 3,29,1805/-രൂപ ഇതിനായി കണ്ടെത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രയോജനപ്പെടുത്തിയാൽ കൂടുതൽ പേർക്ക് Welfare Fund Trustൽ അംഗങ്ങളാവാൻ സാധിക്കും. 2019ൽ ഏകപക്ഷീയമായി കനറാബാങ്ക് നിർത്തലാക്കിയ Welfare Fund Trust Loan Scheme ഈ കമ്മിറ്റിയുടെ ശക്തമായ ഇടപെടലിനെതുടർന്ന് 29.01.2021ൽ തന്നെ പുനരാരംഭിച്ച വിവരം ഈ വർഷാരംഭത്തിൽ അഭിമാനത്തോടെയാണ് ഈ കമ്മിറ്റി മെംബർമാരെ അറിയിച്ചത്. ഈ സാഹചര്യം എല്ലാം ഒരുക്കിയിട്ടും ഈ വർഷം 49 പേർ മാത്രമാണ് ലൈഫ് മെംബർഷിപ്പ് എടു

ത്തിയിട്ടുള്ളത്. നവംബർ മാസത്തിൽ 29 അപേക്ഷകൾ കൂടി ലഭിച്ചിട്ടുണ്ട്. അവ ലോൺ അപേക്ഷയുടെ പ്രോസസ്സിങ് ഘട്ടത്തിലാണ്. ഈ വർഷം 29ഓളം അഭിഭാഷക മെംബർമാർ നമ്മെ വിട്ട് പിരിഞ്ഞെങ്കിലും രണ്ടുപേർ മാത്രമാണ് ട്രസ്റ്റിൽ അംഗങ്ങളായി ഉണ്ടായിരുന്നത് എന്നത് ഏറെ സങ്കടകരമായ കാര്യമാണ്.

**<u>കോവിഡ് ഹെൽപ്പ് ഡെസ്ക്</u>**

ഈ വർഷത്തെ ലോക്ഡൗണിനുശേഷം സംസ്ഥാനത്ത് മരണനിരക്കിലും ടി.പി.ആറിലും വർദ്ധനവുണ്ടായ സാഹചര്യത്തിൽ അസോസിയേഷൻ കോവിഡ് ഹെൽപ്പ് ഡെസ്ക് ആരംഭിച്ചു. അസോസിയേഷൻ ഭാരവാഹികൾക്ക് പുറമെ അഡ്വക്കേറ്റ് ജനറൽ ഗോപാല കൃഷ്ണക്കുറുപ്പ്, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ശ്രീ.അഡ്വ. ടി.എ.ഷാജി, വിവിധ സംഘടന പ്രതിനിധികൾ, ജഡ്ജസ് ബ്രിഗേഡിലെ പ്രതിനിധികൾ, അസോസിയേ ഷൻ മുൻഭാരവാഹികൾ, ബാർ കൗൺസിൽ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി യാണ് ഹെൽപ്പ് ഡസ്ക് രൂപീകരിച്ചത്.

**<u>ഹെൽപ്പ് ഡസ്ക് അംഗങ്ങൾ</u>**

1. ശ്രീ.ഗോപാലകൃഷ്ണക്കുറുപ്പ് - അഡ്വക്കേറ്റ് ജനറൽ
2. ശ്രീ.അഡ്വ. ടി.എ.ഷാജി - ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ
3. അഡ്വ. തോമസ് എബ്രഹാം (പ്രസിഡന്റ് KHCAA)
4. KHCAA എക്സിക്യൂട്ടീവ് അംഗങ്ങൾ
5. അഡ്വ.എൻ.മനോജ്കുമാർ - സ്റ്റേറ്റ് അറ്റോർണി
6. അഡ്വ.സി.ഇ ഉണ്ണിക്ക്യഷ്ണൻ - സ്പെഷ്യൽ ഗവ.പ്ലീഡർ
7. അഡ്വ.അജിത് കുമാർ ഡി.
8. അഡ്വ.ഹനിൽകുമാർ
9. അഡ്വ.ജോൺ നമ്പേലി
10. അഡ്വ.കൃഷ്ണ ടി.സി
11. അഡ്വ.നാഗരാജ് നാരായണൻ

12. അഡ്വ.രാജേഷ് വിജയൻ
13. അഡ്വ.സൈബി ജോസ് കിടങ്ങൂർ
14. അഡ്വ.ഡോ.കെ.പി പ്രദീപ്
15. അഡ്വ.ഗോവിന്ദ് പത്മനാഭൻ
16. അഡ്വ.മുഹമ്മദ് ഷാ

കോവിഡ് ഹെൽപ്പ് ഡസ്കിന്റെ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിൽ ജസ്റ്റീസ് അനിൽ കെ.നരേന്ദ്രൻ, ജസ്റ്റീസ് ദേവൻ രാമചന്ദ്രൻ എന്നിവരുടെ ഇടപെടലുകൾ ഈ കമ്മിറ്റി നന്ദിയോടെ രേഖപ്പെടുത്തുന്നു. സർക്കാർ കോവിഡ് ചികിത്സ പദ്ധതികളുമായി അസോസിയേഷൻ പ്രവർത്തനങ്ങൾ ബന്ധപ്പെടുത്തുന്നതിന് വേണ്ടി ജഡ്ജസ് ബ്രിഗേഡിലെ അഡ്വ.ഡോ.കെ.പി പ്രദീപും അഡ്വ. ഗോവിന്ദ് പദ്മാനാഭനും ചെയ്ത ഇടപെടലുകൾ ഈ കമ്മിറ്റി നന്ദിയോടെ രേഖപ്പെടുത്തട്ടെ. സർക്കാരും കൊച്ചിൻ റിഫൈനറിയും ഇന്ത്യൻ നേവിയുമായി ചേർന്ന് അമ്പലമുകളിൽ ആരംഭിച്ച കോവിഡ് ചികിത്സാ സെന്ററിൽ ഓക്സിജൻ സൗകര്യങ്ങൾ അടങ്ങിയ 100ഓളം ബെഡുകൾ നമ്മുടെ മെമ്പർമാർക്കായി ഉറപ്പ് വരുത്തിയിരുന്നു. ഈ സൗകര്യങ്ങൾ നമ്മുടെ അംഗങ്ങളുടെ ബന്ധുക്കൾക്കും ക്ലർക്കുമാർക്കും കൂടി ലഭ്യമാക്കാൻ ജഡ്ജസ് ബ്രിഗേഡിലെ അംഗങ്ങൾ അസോസിയേഷനെ സഹായിച്ചിരുന്നു. അസോസിയേഷൻ ഈ ചികിത്സ സെന്ററിലേക്ക് 1000ഓളം ഓക്സിജൻ മാസ്കുകൾ സംഭാവന നൽകിയിരുന്നു. (41,600/-). മെമ്പർമാർക്കായി 80,000/- രൂപയുടെ ധനസഹായം നൽകി.

**<u>മെഡിക്കൽ എയ്ഡ് സ്കീം</u>**

അസോസിയേഷൻ നടപ്പാക്കിയിട്ടുള്ള മെഡിക്കൽ എയ്ഡ് സ്കീമിൽ അംഗങ്ങളായിട്ടുള്ള പത്തോളം പേർക്ക് 3,07600/- രൂപയുടെ ചികിത്സാസഹായം നൽകി.

**<u>മാനുവൽ പൈക്കട ഹാൾ (അസോസിയേഷൻ ഹാൾ)</u>**

അസോസിയേഷൻ ഹാൾ നവീകരിക്കുന്നതിന് 2017ൽ സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ തുടർനടപടികൾ ഒന്നും ഈ വർഷം വരെ ഉണ്ടായില്ല. ഈ കമ്മിറ്റി

ചാർജ്ജെടുത്തശേഷം പൊതുമരാമത്ത് വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. ജി.സുധാകരനെയും ധനകാര്യവകുപ്പ് മന്ത്രിയായിരുന്ന ശ്രീ.തോമസ് ഐസക്കിനേയും നേരിൽ കാണുകയും നിവേദനം നൽകുകയും ചെയ്തു. സിവിൽ വർക്കിനു മാത്രമാണ് 2017ൽ പ്രവർത്തന അനുമതി ഉണ്ടായിരുന്നത്. ഇലക്രക്ട്രിക്കൽ, ഇലക്ട്രോണിക്സ് നവീകരണം, ഒരു പ്രോജക്ടറും സ്ക്രീനും ഉൾപ്പെടെ എയർകണ്ടീഷനാക്കി ഹാൾ നവീകരിക്കുന്നതിന് രണ്ട് പ്രവർത്തനാനുമതി കൂടി സർക്കാരിൽ സമ്മർദ്ദം ചെലുത്തി ഈ കമ്മിറ്റിക്ക് നേടാനായി. സീലിങ്ങ് വർക്കും എയർകണ്ടീഷൻ വർക്കും പൂർത്തിയായി. ചുമരുകൾ ശബ്ദനിയന്ത്രണ സംവിധാനങ്ങളോടെ പൂർത്തീകരിച്ചാൽ ഹാൾ ഉപയോഗിക്കാൻ കഴിയും. വകുപ്പുതല അംഗീകാരം ലഭിച്ചാൽ 20 ദിവസത്തെ പണികൾ കൂടി ബാക്കിയുണ്ട്. ആധുനിക സംവിധാനങ്ങളോട് കൂടിയ ഒരു ഹാളാക്കി നമുക്കിതിനെ മാറ്റാനാവും.

**<u>ജസ്റ്റീസ് ജാനകിയമ്മ മെമ്മോറിയൽ ഹാൾ</u>**

അസോസിയേഷനിലെ വനിത അഭിഭാഷകർക്കായുള്ള ജസ്റ്റീസ് ജാനകിയമ്മ മെമ്മോറിയൽ ഹാളിന്റെ നവീകരണം അസോസിയേഷൻ നേരിട്ട് നടത്താനാണ് ഈ കമ്മിറ്റി ആലോചിച്ചത്. എയർകണ്ടീഷൻ വർക്കിനായി ധനശേഖരണം നടത്തിയപ്പോൾ വളരെ നല്ല പ്രതികരണമാണ് മെംബർമാരിൽ നിന്നും ഉണ്ടായത്. (സീനിയർ അഡ്വ.ശ്രീ.റ്റി.കൃഷ്ണ്ണനുണ്ണി 100000/-, സീനിയർ അഡ്വ.ശ്രീമതി. സുമതി ദണ്ഡപാണി 50000/-, സീനിയർ അഡ്വ. ശ്രീ. ഇ.കെ നന്ദകുമാർ 50000/-, സീനിയർ അഡ്വ.ശ്രീ. സുഗുണപാലൻ 42000/-, സീനിയർ അഡ്വ.ശ്രീമതി വി.പി സീമന്തിനി 43000/-, സീനിയർ അഡ്വ.ശ്രീ.ജോസഫ് കൊടിയൻന്തറ 30000/-) **315,000/-** രൂപയോളം നാളിതുവരെ ലഭിച്ചിട്ടുണ്ട്. ടെൻഡർ വിളിച്ച്. VOLTAS Brand shop ആയ M/s Multi Sales Cooling Solution കമ്പനിക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ജോലികൾ പുരോഗമിച്ച് വരുന്നു. ഫെഡറേഷൻ ഓഫ് വുമൺ ലോയേഴ്സിന്റെ ഹൈക്കോടതി ഘടകത്തിന്റെ ഇക്കാര്യത്തിലുള്ള പ്രവർത്തനങ്ങളെ അസോസിയേഷൻ അഭിനന്ദനങ്ങളോടെ രേഖപ്പെടുത്തുന്നു.

**ജൂനിയർ അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട്**

ജൂനിയർ അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് കമ്മിറ്റി പുനസംഘടിപ്പിച്ചു. അഡ്വ.ആശ ചെറിയാനെ സെക്രട്ടറിയായും അഡ്വ. ലക്ഷമി ശ്രീധർ ജോയിന്റ് സെക്രട്ടറിയായും അഡ്വക്കേറ്റ് തയ്യീബിനെ ട്രഷററായും, അജ്ഞന കണ്ണത്ത്, അഡ്വ.എസ്.കെ ആദിത്യൻ, അഡ്വ.റാഫേൽ തെക്കൻ എന്നിവരെ കമ്മിറ്റി അംഗങ്ങളായും തെരഞ്ഞടുത്തു. അസോസിയേഷൻ ഏർപ്പെടുത്തിയ വെൽഫയർഫണ്ട് ട്രസ്റ്റിന്റെ പ്രചാരകരായി ജൂനിയർ അഡ്വക്കേറ്റ്സ് വെൽഫെയർഫണ്ട് കമ്മിറ്റിയെ തീരുമാനിച്ചു. 10 വർഷത്തിൽ താഴെ പ്രാക്ടീസും 35 വയസ്സിനു താഴെയുള്ള അഭിഭാഷകർക്ക് വെൽഫയർഫണ്ട് ട്രസ്റ്റിൽ ചേരുന്നതിനുള്ള പ്രോത്സാഹനമായി അസോസിയേഷൻ ഏർപ്പെടുത്തിയ പദ്ധതി കൂടുതൽ യുവ അഭിഭാഷകരിലേയ്ക്ക് എത്തിക്കുന്നതിനും അവരെ ട്രസ്റ്റിൽ അംഗങ്ങളാക്കുന്നതിനും ജൂനിയർ അഭിഭാഷക വെൽഫയർഫണ്ട് കമ്മിറ്റി നടത്തിയ ഇടപെടലുകൾ പ്രശംസനീയമാണ്.

**RFID – E-Directory/ Print Directory**

ഹൈക്കോടതി ആവശ്യപ്പെട്ട പ്രകാരം RFID കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള വിവരശേഖരണം ഗൂഗിൾ ഫോം വഴി നടത്തി. അഭിഭാഷകർ കോടതി കെട്ടിടത്തിൽ വരാത്ത കാലമായതിനാൽ മുഴുവൻ അഭിഭാഷകരെയും പങ്കെടുപ്പിക്കുന്നതിന് സമയം നൽകാൻ നിർബന്ധിതരായി. വിവരങ്ങൾ നൽകിയതിലെ പിഴവുകൾ പരിഹരിച്ച് ഏകദേശം 2000 മെമ്പർമാരുടെ ലിസ്റ്റ് തയ്യാറായിട്ടുണ്ട്. ബാക്കിയുള്ളവ കൂടി പരിശോധിച്ച് ഈ വർഷം തന്നെ ഹൈക്കോടതിക്ക് കൈമാറാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**E-Directory**

കഴിഞ്ഞ കമ്മിറ്റി വിഭാവനം ചെയ്ത വെബ്സൈറ്റ് പൂർത്തീകരണം 3 ഘട്ടങ്ങളിലായാണ് ആലോചിച്ചിരുന്നത്. ആദ്യഘട്ടമെന്ന നിലയിൽ 2020 ഡിസംബറിൽ വെബ്സൈറ്റ് ഉദ്ഘാടനം ചെയ്യപ്പെട്ടിരുന്നു. രണ്ടാം ഘട്ടമായ ഇ-ഡയറക്ടറിക്ക് RFID കാർഡിനു വേണ്ടി ശേഖരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി E-Directory, KHCAA വെബ്സൈറ്റിൽ തന്നെ പ്രസി

ഢപ്പെടുത്തി. ഔപചാരികമായ ഉദ്ഘാടനം അസോസിയോഷൻ പ്രസിഡന്റ് ശ്രീ തോമസ് എബ്രഹാം നിർവ്വഹിച്ചു. കൂടിച്ചേർക്കലുകളും തിരുത്തലുകളും നടന്ന് വരുന്നു. നമ്മുടെ മെംബർ കൂടിയായ അഡ്വ.ആദർശ് ആണ് ഇക്കാര്യത്തിൽ അസോസിയേഷനെ സഹായിക്കുന്നത്.

**<u>പ്രിന്റ് ഡയറക്ടറി</u>**

RFID കാർഡിനായി ഗൂഗിൾ ഫോമിലൂടെ ശേഖരിച്ച വിവരങ്ങൾ ഉപയോഗിച്ച് പ്രിന്റ ഡയറക്ടറിക്കായുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു. പത്രപരസ്യം നൽകി പ്രിന്റിംഗിനായുള്ള ക്വട്ടേഷൻ വിളിച്ചിരുന്നു. മുൻകാലങ്ങളിൽ ഡയറക്ടി പ്രിന്റ് ചെയ്ത M/s ST Reddiyar സമർപ്പിച്ച ക്വട്ടേഷൻ, കമ്മിറ്റി സ്വീകരിക്കുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. ഡയറക്ടറിക്ക് ആവശ്യമായ വിവരങ്ങൾ അവർക്ക് നൽകുകയും വർക്കുകൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. കരട് ഡിസംബർ 10-ാം തിയതിക്കകം പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്ന് M/s ST Reddiyar അറിയിച്ചിട്ടുണ്ട്.

**<u>വ്യവഹാരങ്ങൾ</u>**

2020ൽ അസോസിയേഷൻ ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിരുന്നു. എന്നാൽ മെമ്പർമാർക്ക് നൽകുന്ന സേവനങ്ങൾ ജി.എസ്.ടിയുടെ പരിധിയിൽ വരേണ്ടതില്ലെന്ന നിയമോപദേശം ലഭിച്ചതിനെത്തുടർന്ന് അസോസിയേഷൻ WP(C)20304/2021ആയി ആയത് ഹൈക്കോടതിയിൽ ചോദ്യം ചെയ്യുകയും ജസ്റ്റീസ് ബെച്ചുകുര്യൻ തോമസിന്റെ ഇടക്കാല ഉത്തരവിലൂടെ മറ്റ് വകകൾ മാത്രം ഉൾപ്പെടുത്തികൊണ്ട് റിട്ടേണുകൾ ഫയൽ ചെയ്യാൻ അസോസിയേഷനെ അനുവദിക്കുകയും ചെയ്തു. ജി.എസ്.ടിയുടെ പരിധിയിൽ അസോസിയേഷനെ സംബന്ധിച്ച് എന്തെല്ലാം വരുമെന്നുള്ള കാര്യം കേസിന്റെ അന്തിമവിധിക്ക് അനുസരിച്ചായിരിക്കും. സീനിയർ അഡ്വ.മുഹമ്മദ് കുട്ടി സാറിന്റെയും അഡ്വ.ഫിറോസിന്റെയും സേവനങ്ങളെ അസോസിയേഷൻ നന്ദിയോടെ രേഖപ്പെടുത്തുന്നു.

**ഓഡിറ്റിംഗ്**

2020ലെ വാർഷിക പൊതുയോഗത്തിൽ വരവ് ചിലവ് കണക്കുകൾ അവതരിപ്പിച്ചിരുന്നില്ല. ഈ കമ്മിറ്റി ചാർജ്ജ്എടുത്തശേഷം ഓഡിറ്റർ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുകയും 09.03.2021ൽ കണക്കുകൾ അവതരിപ്പിക്കുകയും ചെയ്തിരുന്നു അന്ന് തന്നെ ചാർട്ടേണ്ട് അക്കൗണ്ടന്റായ ശ്രീ.ടി.എൻ സുരേഷിനെ എക്സ്റ്റേണൽ ഓഡിറ്ററായും ഇന്റേണൽ ഓഡിറ്ററായി അഡ്വ. അബ്ദുൾ ജലീലിനെ നിയമിക്കുകയും ചെയ്തു.

**റിപ്പബ്ളിക് ദിനാഘോഷവും സ്വാതന്ത്രദിനാഘോഷവും**

റിപ്പബ്ളിക് ദിനാഘോഷങ്ങൾ ഹൈക്കോടതിയിൽ നടത്തി.അസോസിയേഷൻ ഭാരവാഹികൾ ചടങ്ങിൽ പങ്കെടുത്തു. ചീഫ് ജസ്റ്റീസ് എസ്.മണികുമാർ വിശിഷ്ടാതിഥിയായി പതാക ഉയർത്തി. സ്വാതന്ത്രദിനാഘോഷങ്ങളിൽ പതിവുപോല അസോസിയേഷൻ പ്രസിഡന്റ് ശ്രീ തോമസ് എബ്രഹാം പതാക ഉയർത്തി. ചീഫ് ജസ്റ്റീസ് എസ്.മണികുമാർ സ്വാതന്ത്രസമര സേനാനികളായ രക്തസാക്ഷികൾക്ക് ആദരാജ്ഞലികൾ അർപ്പിച്ച് പുഷ്പചക്രം സമർപ്പിച്ചു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടന്ന ചടങ്ങിൽ കമ്മിറ്റി അംഗങ്ങളും അഭിഭാഷകരും പങ്കെടുത്തു. ചടങ്ങ് യൂട്യൂബ് ലൈവിൽ സംപ്രേക്ഷണം ചെയ്തിരുന്നു.

**25–ാംമത് എസ്. ഈശ്വരഅയ്യർ മെമ്മോറിയൽ ക്രിക്കറ്റ് ടൂർണ്ണമെന്റ്**

ഹൈക്കോടതി അഡ്വക്കേറ്റ്സ് അസോസിയേഷൻ അഭിമാനപുരസ്സരം നടത്തി വന്നിരുന്ന എസ്. ഈശ്വരഅയ്യർ മെമ്മോറിയൽ ക്രിക്കറ്റ് ടൂർണ്ണമെന്റ് ഈ വർഷം അതിന്റെ സിൽവർ ജൂബിലി ആഘോഷിച്ചു. കഴിഞ്ഞ 2 വർഷമായി മുടങ്ങിക്കിടന്നിരുന്ന ടൂർണ്ണമെന്റ് അതിന്റെ പ്രൗഢിയോടും ആഘോഷങ്ങളോടും കൂടെതന്നെ ഈ വർഷം നടത്തുവാൻ നമ്മുക്ക് സാധിച്ചു. വളരെ വിപുലമായ ആഘോഷങ്ങളോടെ 07.04.2021ന് നടന്ന..ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജി ശ്രീ.മുഹമ്മദ് മുസ്താഖ് ഉത്ഘാടനം ചെയ്തു. ചടങ്ങിൽ അസോസിയേഷൻ പ്രസിഡന്റ് അദ്ധ്യക്ഷനായിരുന്നു. ബഹു.ജഡ്ജി ബെച്ചുകുര്യൻ തോമസ് ടൂർണ്ണമെന്റിന് ആശംസകൾ അർപ്പിച്ചു. കേരളത്തിലെ 16 ബാർ അസോസിയേഷ

നുകൾ മാറ്റുരച്ച ടൂർണ്ണമെന്റിൽ ഏപ്രിൽ 13നു നടന്ന ഫൈനൽ മത്സരത്തിൽ ഹൈക്കോർട്ട് ടീമിനെ പരാജയപ്പെടുത്തി കോഴിക്കോട് ബാർ അസോസിയേഷൻ വിജയികളായി. ടൂർണ്ണമെന്റിനോടനുബന്ധിച്ച് 10.04.2021ന് Chief Justice XI Vs Presidents XI തമ്മിലുള്ള ട്രേഡീഷണൽ മാച്ച് നടക്കുകയും അതിൽ Chief Justice XI വിജയികളാവുകയും ചെയ്തു.

**അസോസിയേഷൻ സ്റ്റാഫ്**

27 സ്റ്റാഫാണ് അസോസിയേഷനിൽ ഉള്ളത്. മികച്ച സേവനം അവരിൽ നിന്നും ലഭിക്കുന്നുണ്ട്. അസോസിയേഷൻ കോവിഡ് കാലത്തും ലോക്ഡൗൺ കാലത്തും മറ്റ് ആക്ഷേപങ്ങൾ ഇല്ലാതെ പ്രവർത്തിച്ചിട്ടുണ്ട്. 19.11.2021ൽ കൂടിയ പൊതുയോഗത്തിൽ, നിലവിലുള്ള 27 ജീവനക്കാർക്ക് പുറമെ ആരെയെങ്കിലും നിയമിക്കുന്നതിന് മുമ്പായി ജനറൽ ബോഡിയുടെ മുൻകൂർ അനുമതിയോടെ തസ്തികയും ശബളവ്യവസ്ഥയും നിശ്ചയിച്ച് മാത്രമേ നിയമനം നടത്താവൂ. അത്തരം നിയമനങ്ങൾ നടത്തുന്നതിൽ അപേക്ഷകൾ പരസ്യങ്ങളിലൂടെ ക്ഷണിച്ച് തികച്ചും സുതാര്യമായി നടത്തണമെന്നും ആയതിന് നമ്മുടെ റൂൾസ് & റെഗുലേഷൻസിലെ 13 (VIII) പ്രകാരം ബൈലോ ഉണ്ടാക്കണമെന്നുള്ള ജനറൽ ബോഡിയിൽ വന്ന നിർദ്ദേശവും എക്സിക്യൂട്ടീവ് കമ്മിറ്റി നടപ്പാക്കിയിട്ടുണ്ട്. നിലവിലുള്ള ജീവനക്കാർക്കുവേണ്ടി സർവ്വീസ് റൂൾസ് സമയബന്ധിതമായി ഉണ്ടാക്കേണ്ടതുണ്ട്. ഈ കമ്മിറ്റി ഓരോർത്തുക്കുമുള്ള ചുമതലകൾ ഇപ്പോൾ വ്യക്തമായി രേഖപ്പെടുത്തി നൽകിയിട്ടുണ്ട്.

-------------------------************************----------------------------

കോവിഡ് കാലഘട്ടത്തിന്റെ പ്രത്യേകതകൾ സൃഷ്ടിച്ച പരിമിതികളെ അതിജീവിച്ച് ഊർജ്ജസ്വലമായ പ്രവർത്തനങ്ങളിലൂടെ ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു എന്ന ആത്മവിശ്വാസത്തോടെയാണ് ഈ കമ്മിറ്റി പടിയിറങ്ങുന്നത്. അസോസിയേഷൻ പ്രവർത്തനങ്ങളിൽ ആരുടെ നേതൃത്വത്തിൽ നടന്നാലും നമ്മുടെ പൊതുവിലുള്ള താത്പര്യങ്ങളുടെ സംരക്ഷണത്തിനായിരിക്കണം എന്ന് വിശ്വസിക്കുന്നവരെയും അതുപോലെ

അസോസിയേഷനെ സ്നേഹിക്കുന്ന മഹാഭൂരിപക്ഷത്തെയും വേദനിപ്പിക്കുകയും നിരാശപ്പെടുത്തുകയും ചെയ്യുന്ന ഒറ്റപ്പെട്ട ചില നീക്കങ്ങൾ ചിലരിൽ നിന്നും ആവർത്തിച്ചുണ്ടായത് ദുഃഖത്തോടെ ഇവിടെ പറയാതിരിക്കാൻ വയ്യ. ബൈലോ പ്രകാരം ജനാധിപത്യപരമായ അവകാശങ്ങൾ വിനിയോഗിക്കാതെ അസോസിയേഷനിലെ പൊതുയോഗത്തിന്റെ തീരുമാനങ്ങൾക്ക് വിരുദ്ധമായി സംഘടനാമര്യാദയില്ലാതെ ഫേയ്സ്ബുക്ക് പോലുള്ള മാധ്യമങ്ങളിലൂടെ അഭിപ്രായ പ്രകടനങ്ങളും വിമർശനങ്ങളും ഉന്നയിക്കുന്നവരുടെ ഉദ്ദേശശുദ്ധിയെ സംശയിക്കാതെ നിവർത്തിയില്ല. വിമർശനം കഴിഞ്ഞ് സത്പ്രവൃത്തികളോട് കാണിക്കുന്ന മൗനവും അതിനെ സാധൂകരിക്കുന്നു. ഇത്തരക്കാർ സ്വയം പരിശോധനയ്ക്ക് തയ്യാറാവാണമെന്ന് മാത്രമാണ് അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ അസോസിയേഷന്റെ  സൽപ്പേര് പൊതുസമൂഹത്തിന്റെ മുൻപിൽ നഷ്ടമാകുമെന്ന് ഇവർ മനസ്സിലാക്കണം. തികച്ചും സംഘടനാപരമായ അച്ചടക്കലംഘനമായേ ഇതിനെ കാണാനാവൂ.പ്രിയപ്പെട്ട മെമ്പർമാരോട് അച്ചടക്കത്തിന്റെ വാളോങ്ങാതെ എല്ലാവരെയും ഒന്നിച്ച് കൊണ്ടുപോകണമെന്നാണ്  അസോസിയേഷൻ ആഗ്രഹിക്കുന്നത്.

ഭാവിയിൽ അസോസിയേഷന്റെ കെട്ടുറപ്പും സൽപ്പേരും നിലനിർത്താൻ ആവശ്യമായ കൂട്ടായ പ്രവർത്തനങ്ങൾ ഇനിയും ഉണ്ടാവുമെന്ന പ്രതീക്ഷയോടെ ഈ റിപ്പോർട്ട് പൊതുയോഗത്തിന്റെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് ജനറൽ ബോഡിയുടെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

അഡ്വ.ടി.ആർ.രഞ്ജിത്ത്
സെക്രട്ടറി

THE KERALA HIGH COURT ADVOCATES' ASSOCIATION